# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4349** — **17/05/2017-ൽ മറുപടിക്ക്**

## പകർച്ച വ്യാധികളുടെ കാരണങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ്<br>,, പി.കെ. ശശി<br>,, സി. കെ. ശശീന്ദ്രൻ<br>,, കെ. കെ. രാമചന്ദ്രൻ നായർ | | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | വ്യാപകമായിക്കൊണ്ടിരിക്കുന്ന പകർച്ച വ്യാധികളുടെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | എ) | പരിശോധിച്ചിട്ടുണ്ട്. |
| ബി) | ഇതര സംസ്ഥാന തൊഴിലാളികളുടെ ബാഹുല്യവും അവരുടെ താമസ സ്ഥലത്തെയും ജോലി സ്ഥലത്തെയും അനാരോഗ്യകരമായ ചുറ്റുപാടുകളും പകർച്ചവ്യാധികൾക്ക് -കാരണമാകുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഇതരസംസ്ഥാന തൊഴിലാളികളുടെ ബാഹുല്യവും അവരുടെ താമസ-സ്ഥലത്തേയും ജോലി സ്ഥലത്തേയും അനാരോഗ്യകരമായ ചുറ്റുപാടുകളും പകർച്ചവ്യാധികൾക്ക് ഒരു പരിധിവരെ കാരണമാകുന്നുണ്ട്. |
| സി) | എങ്കിൽ ഇത് പരിഹരിക്കുന്നതിനായി ഇതര സംസ്ഥാന തൊഴിലാളികൾക്കായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | സി) | ഉണ്ട്. എല്ലാ ജില്ലയിലും ആരോഗ്യവകുപ്പ് തുടർച്ചയായി ഇതരസംസ്ഥാന തൊഴിലാളി ക്യാമ്പുകൾ സന്ദർശിച്ച് തൊഴിലാളികളുടെ വ്യക്തി ശുചിത്വം, പരിസരശുചിത്വം, കുടിവെള്ള ശുചിത്വം തുടങ്ങിയവ നിരീക്ഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് നിലവിലുള്ളതും ഇതരസംസ്ഥാന തൊഴിലാളികളുടെ വരവോടെ ഉണ്ടായിട്ടുള്ളതുമായ ആരോഗ്യപ്രശ്നങ്ങൾ ഇല്ലായ്മ ചെയ്യുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന ആരോഗ്യവകുപ്പ് " ഹെൽത്തി കേരള " എന്ന പേരിൽ സമഗ്രമായ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ ഭാഗമായി ഇതര-സംസ്ഥാന തൊഴിലാളികളുടെയും അവർ ജോലി ചെയ്യുന്ന തൊഴിലിടങ്ങളും അവരുടെ വാസസ്ഥലങ്ങളും പരിശോധനയ്ക്ക് വിധേയമാക്കുകയും അവരിൽ മലമ്പനി, മന്ത്, കുഷ്ഠം, ക്ഷയം |

➡

തുടങ്ങിയ പകർച്ചവ്യാധികൾ ഉള്ളവരെ കണ്ടെത്തുകയും ചികിത്സയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നുണ്ട്.

ഡി) ഇവരുടെ വാസസ്ഥലങ്ങളിലെ ശുചിത്വം ഉറപ്പു വരുത്തുന്നതിനും ഇവർക്ക് ആവശ്യമായ ബോധവത്ക്കരണം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഡി) ഇതരസംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങളിലെ ശുചിത്വം ഉറപ്പു വരുത്തുന്നതിനും ഇവർക്ക് ആവശ്യമായ ബോധവത്ക്കരണം നടത്തുന്നതിനും നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. പല ജില്ലകളിലും ഇത്തരം തൊഴിലാളികളെ ലക്ഷ്യം വച്ചുകൊണ്ട് വിവിധ തരത്തിലുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ഇവർക്ക് മനസ്സിലാകുന്ന ഭാഷയിലുള്ള ലഘുലേഖകളും പോസ്റ്ററുകളും അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. ഇത്തരം തൊഴിലാളികളുടെ ഇടയിൽ നിന്നുതന്നെ അവരുടെ കോൺട്രാക്ടറിൽ കൂടിയോ, ഗ്രൂപ്പ് ലീഡറിൽ കൂടിയോ ബോധവത്ക്കരണ സന്ദേശങ്ങൾ അവരിൽ എത്തിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**